*Malayala Manorama*
# *30 August 2018*
# *Kollam,Estimation, Flood Damaged Houses*

# പ്രളയം തകർത്ത വീടുകളുടെ കണക്കെടുപ്പ്: 21,000 എൻജി. വിദ്യാർഥികൾ രംഗത്ത്

### കണക്കെടുപ്പ് 45 ഇന ചോദ്യാവലിയുടെ സഹായത്തോടെ

**മനോരമ ലേഖകൻ**

കൊല്ലം • പ്രളയക്കെടുതിയിൽ നാശനഷ്ടം സംഭവിച്ച വീടുകളുടെ വിശദമായ കണക്കെടുപ്പു സംസ്ഥാനത്തെ നൂറ്റിയറുപതോളം എൻജിനീയറിങ് കോളജുകളിലെ 21,000 വിദ്യാർഥികളുടെ സംഘം ആരംഭിച്ചു.

സന്നദ്ധസേവകരായി സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ വെബ്സൈറ്റ് വഴി റജിസ്റ്റർ ചെയ്തവരുടെ സംഘത്തിൽ മൂന്നും നാലും വർഷ വിദ്യാർഥികളാണുള്ളത്. റജിസ്റ്റർ ചെയ്യാത്തവരും കണക്കെടുപ്പിൽ പങ്കെടുക്കുന്നു. ഓരോ കോളജിനും ഓരോ പ്രളയബാധിത പഞ്ചായത്ത് നൽകിയിട്ടുണ്ട്. 23നു തുടങ്ങിയ ജോലി സെപ്റ്റംബർ രണ്ടിനു പൂർത്തിയാകും.

വീട്ടുടമസ്ഥരുടെ മേൽവിലാസം, വീടുകളുടെ പ്ലിന്ത് ഏരിയ, കാലപ്പഴക്കം, കേടുപാടുകൾ, വിള്ളലുകൾ, മതിലിനും കിണറിനും കേടുപാടുകളുണ്ടോ, റോഡിൽ നിന്നും നദീതീരത്തും നിന്നുമുള്ള ദൂരം, മണ്ണിന്റെ ഘടന, കിണറ്റിലെ മോട്ടോർപമ്പിന്റെ അവസ്ഥ, ജലവിതരണം തകരാറിലായ വിവരങ്ങൾ, ശുചിമുറിയുടെയും അനുബന്ധ സാധനങ്ങളുടെയും നാശനഷ്ടം, വൈദ്യുതത്തകരാറുകൾ, മീറ്റർ ബോക്സ് പ്രളയത്തിൽ മുങ്ങിയോ തുടങ്ങി മൂന്നു പേജുകളിലായി 45 ഇന ചോദ്യാവലിയുടെ സഹായത്തോടെയാണു കണക്കെടുപ്പ്. വീടിന്റെ ഫോട്ടോയുമെടുക്കും.

ഓരോ സംഘത്തെയും സഹായിക്കാൻ കോളജുകളിലെ അധ്യാപകരും മേൽനോട്ടത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപന എൻജിനീയറിങ് വിഭാഗവും വാർഡുകളിലെ ജനപ്രതിനിധികളുമുണ്ട്. പ്രതിദിനം 70 വീടുകളുടെ വരെ കണക്കെടുപ്പു രണ്ടംഗ സംഘം പൂർത്തിയാക്കുന്നുണ്ടെന്ന് അധികൃതർ പറഞ്ഞു. വിവരങ്ങൾ തൽക്കാലം അതതു പഞ്ചായത്തുകൾക്കു കൈമാറും. പിന്നീടു വിദ്യാർഥികൾ തന്നെ ഡേറ്റ എൻട്രി നടത്തും. എൻഎസ്എസിന്റെ ടെക്നിക്കൽ സെല്ലും ഉന്നത വിദ്യാഭ്യാസ, സാങ്കേതിവിദ്യാഭ്യാസ വകുപ്പ് അധികൃതരും ചേർന്നാണ് ഏകോപനം നിർവഹിക്കുന്നത്.

ഈ സർവേയെ സഹായിക്കാൻ കൂടിയാണ് എൻജിനീയറിങ് കോളജുകൾ തുറക്കുന്നതു സെപ്റ്റംബർ മൂന്നിലേക്കു മാറ്റിയത്.